"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പ്രീമെട്രിക് ഹോസ്റ്റലുകളുടെ പേരുകൾ പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.571/2022/SCSTD തീയതി,തിരുവനന്തപുരം, 06-06-2022

---

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 04/05/2022 തീയതിയിലെ ഡി2-19331/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സുൽത്താൻ ബത്തേരി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുള്ളൻകൊല്ലി പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ) മുള്ളൻ കൊല്ലിയിലെ വാടക കെട്ടിടത്തിൽ നിന്നും മാറി പെരിക്കല്ലൂരിൽ പണിപൂർത്തീകരിച്ച പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നതെന്നും, കൂടാതെ സുൽത്താൻ ബത്തേരി പ്രീമെട്രിക് ഹോസ്റ്റൽ നിലവിൽ പ്രവർത്തിക്കുന്നത് അമ്പലവയലിലെ നവീകരിച്ച പഴയ ഹോസ്റ്റൽ കെട്ടിടത്തിലാണെന്നും, ആയതിനാൽ ആൺകുട്ടികൾക്കായുള്ള മുള്ളൻകൊല്ലി പ്രീമെട്രിക് ഹോസ്റ്റൽ, സുൽത്താൻ ബത്തേരി പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവയുടെ പേരുകൾ യഥാക്രമം പ്രീമെട്രിക് ഹോസ്റ്റൽ പെരിക്കല്ലൂർ (ആൺകുട്ടികൾ) എന്നും, പ്രീമെട്രിക് ഹോസ്റ്റൽ അമ്പലവയൽ (ആൺകുട്ടികൾ) എന്നും മാറ്റി ഉത്തരവാകണമെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് സുൽത്താൻ ബത്തേരി ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുള്ളൻകൊല്ലി പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ), സുൽത്താൻ ബത്തേരി പ്രീ മെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ), എന്നിവയുടെ പേരുകൾ യഥാക്രമം പ്രീമെട്രിക് ഹോസ്റ്റൽ പെരിക്കല്ലൂർ (ആൺകുട്ടികൾ) എന്നും, പ്രീമെട്രിക് ഹോസ്റ്റൽ അമ്പലവയൽ (ആൺകുട്ടികൾ) എന്നും മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINIMOL V G

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.

3. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, സുൽത്താൻ ബത്തേരി

4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Abhilash Kumar V S**
**Date: 06-06-2022 16:28:43**

സെക്ഷൻ ഓഫീസർ